പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1192

12.03.2015 ൽ
മറുപടിക്ക്

# അനധികൃതപാറ ഖനനം തടയാൻ നടപടി

ചോദ്യം
ശ്രീ.പി.ഉബൈദുള്ള :

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | നെടുമങ്ങാട് താലൂക്കിൽ നെല്ലനാട് വില്ലേജിൽ കോട്ടുകുന്നം ഉഷസ് ഭവനിൽ രാമകൃഷ്ണൻ മകൻ കുട്ടന്റെ ഭൂമി കൈയ്യേറി പാറ പൊട്ടിച്ച് കടത്തുന്നതു സംബന്ധിച്ച പരാതിയിൽ റവന്യൂ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലാ കളക്ടറുടെ പൊതുജനപരാതി പരിഹാര സെൽ മുഖാന്തിരം ശ്രീ.കുട്ടൻ നാടാർ സമർപ്പിച്ച അപേക്ഷ പ്രകാരവും എതിർകക്ഷിയായ ശ്രീ.സുരേഷ് കുമാർ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിലും അപേക്ഷകനെയും എതിർ കക്ഷിയെയും നേരിൽ കേട്ട് പരാതി പരിഹരിക്കുന്നതിന് നെടുമങ്ങാട് തഹസീൽദാർക്ക് തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ശ്രീ.കുട്ടൻ നാടാർ ഹിയറിംഗ് നോട്ടീസ് കൈപ്പറ്റാൻ വിസമ്മതിച്ചിട്ടുള്ളതും ആയത് ടിയാന്റെ വീടിനു മുൻവശത്ത് പതിച്ച് നടത്തിയിട്ടുള്ളതുമാണെന്നും തുടർന്ന് പരാതിക്കാരൻ കൂടിക്കാഴ്ചക്ക് ഹാജരാകാത്ത സാഹചര്യത്തിൽ നെടുമങ്ങാട് തഹസീൽദാർ പരാതിക്കാസ്പദമായ സ്ഥലം സന്ദർശിച്ചിട്ടുള്ളതും പരാതിക്കാരന്റെ അതിർത്തിയിൽ നിന്നും 10 മീറ്റർ അകലം പാലിച്ച മാത്രമേ ഖനന പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ എന്ന ഉത്തരവ് എതിർകക്ഷിക്ക് നൽകിയിട്ടുള്ളതുമാണ്. |
| (ബി) | മുൻസിഫ് കോടതിയുടെയും ജില്ലാ കളക്ടറുടെയും ഉത്തരവുകൾ പ്രകാരം പരാതിക്കാരന്റെ ഭൂമിയിൽ നിന്നുള്ള പാറകടത്ത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; എത്ര വാഹനങ്ങൾ പിടിച്ചെടുത്തു ; വിശദവിവരം നൽകുമോ? | (ബി) | മേൽ പ്രതിപാദിച്ച നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വാഹനങ്ങളോ യന്ത്രോപകരണങ്ങളോ പിടിച്ചെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ